# മന്ത്രിസഭാ തീരുമാനങ്ങൾ

## (17.02.2010)

- സംസ്ഥാന സർക്കാർ ജീവനക്കാരുടെയും അധ്യാപകരുടെയും ശമ്പളപരിഷ്ക്കരണ കമ്മീഷൻ രൂപീകരിക്കുകയും കമ്മീഷന്റെ പരിഗണനാ വിഷയങ്ങൾ തീരുമാനിക്കുകയും ചെയ്തു. ജസ്റ്റിസ് രാജേന്ദ്രബാബു അധ്യക്ഷനായും സെന്റർ ഫോർ ഡവലപ്പ്മെന്റ് സ്റ്റഡീസിലെ ഡോ. പി. മോഹനൻ പിള്ള, അഡ്വ. പി. വേണുഗോപാലൻ നായർ എന്നിവർ അംഗങ്ങളായുമുള്ള കമ്മീഷനാണ് നിയമിക്കപ്പെട്ടത്. പ്രമോഷൻ, ശമ്പള ഘടന മറ്റ് ആനുകൂല്യങ്ങൾ എന്നിവയെ സംബന്ധിച്ച് സമർപ്പിക്കുവാനുള്ള കമ്മീഷന്റെ കാലാവധി ആറുമാസമായിരിക്കും. പെൻഷൻ പരിഷ്ക്കരണവും കമ്മീഷന്റെ പരിഗണനാ വിഷയമാണ്. 30 പേരടങ്ങിയ കമ്മീഷൻ സെക്രട്ടേറിയറ്റ് രൂപീകരിക്കുവാൻ തീരുമാനിച്ചു.

- ടൂറിസ്റ്റ് റിസോർട്ട് കേരള ലിമിറ്റഡിനെ കേരള ടൂറിസം ഡെവലപ്പ്മെന്റ് കോർപ്പറേഷനിൽ നിന്നും സ്വതന്ത്രമാക്കി കേരള ടൂറിസം ഇൻഫ്രാസ്ട്രക്ചർ ആന്റ് ഇൻവെസ്റ്റ്മെന്റ് കമ്പനി ലിമിറ്റഡ് എന്ന പേരിൽ പുനഃസംഘടിപ്പിക്കുവാൻ തീരുമാനിച്ചു.

- സംസ്ഥാന സർക്കാർ ജീവനക്കാർക്ക് 25.03.2006ൽ നടപ്പിലാക്കിയ ശമ്പള പരിഷ്ക്കരണ ആനുകൂല്യങ്ങൾ പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡിലെ ജീവനക്കാർക്കും അനുവദിക്കുവാൻ തീരുമാനിച്ചു.

- മലപ്പുറം ജില്ലയിൽ അക്ഷയ സംരംഭകർക്ക് അനുവദിച്ച ലോണിന്റെ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി അംഗീകരിച്ചു. ഇതനുസരിച്ച് കടം നൽകിയ ബാങ്കുകളുടെ സമ്മതപ്രകാരം ഒറ്റത്തവണ മുതലിന്റെ എഴുപത്തിയഞ്ച് ശതമാനം തിരിച്ചടച്ചാൽ മതിയാകും. ഇതിന്റെ പകുതി സർക്കാർ വഹിക്കുന്നതാണ് പദ്ധതി. വാങ്ങിയ കടത്തിന്റെ 37.5 ശതമാനം മാത്രമേ സംരംഭകൻ അടക്കേണ്ടതുള്ളു.

- പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലുള്ള പ്രീ-മെട്രിക് ഹോസ്റ്റലുകളിൽ 91 പാചകരുടെ തസ്തിക സൃഷ്ടിക്കുവാൻ തീരുമാനിച്ചു.

- അന്തരിച്ച പ്രശസ്ത കവിയും ചലച്ചിത്രഗാന രചയിതാവുമായിരുന്ന ശ്രീ ഗിരീഷ് പുത്തഞ്ചേരിയുടെ കുടുംബത്തിന് അഞ്ച് ലക്ഷം രൂപ സഹായധനമായി അനുവദിക്കുവാൻ തീരുമാനിച്ചു.

- പ്രശസ്ത സംഗീതസംവിധായകനും ഗായകനുമായ എം.ജി. രാധാകൃഷ്ണന് ചികിത്സാ ധനസഹായമായി ഒരുലക്ഷം രൂപ അനുവദിക്കുവാൻ തീരുമാനിച്ചു.

- വ്യവസായവകുപ്പ് അഡീഷണൽ സെക്രട്ടറി കെ.എസ്. ശ്രീനിവാസന് നാഷണൽ ഗെയിംസിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെയും സ്പോർട്സ് ഡയറക്ടറുടേയും അധിക ചുമതല നൽകാൻ തീരുമാനിച്ചു

******